**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3979** **27-10-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡ് ലഭിച്ചവരിലെ അനർഹരെ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര റേഷൻ കാർഡുടമകളാണുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഒക്ടോബർ മാസത്തിലെ എ.ഇ.പി.ഡി.എസ് കീ രജിസ്റ്റർ പ്രകാരമുള്ള റേഷൻകാർഡുടമകൾ എ.എ.വൈ - 5,90,188 പി.എച്ച്.എച്ച് - 33,40,654 എൻ.പി.എസ് - 24,28,035 എൻ.പി.എൻ.എസ് - 27,48,272 എൻ.പി.(ഐ) - 25,280 ആകെ - 91,32,429 |
| (ബി) | മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്; നിലവിൽ മുൻഗണനാ റേഷൻ കാർഡുകൾ ലഭിച്ച അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ആയതിൻപ്രകാരം എത്ര അനർഹരെയാണ് മുൻഗണനാ വിഭാഗത്തിൽ നിന്നും കഴിഞ്ഞ മൂന്ന് വഷത്തിനിടയിൽ ഒഴിവാക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിനായി 18.09.2017 ലെ സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള ഡേറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി വരുന്നു. എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറു മാസകാലയളവിലേക്ക് ഉപേക്ഷിക്കാവുന്ന Give-UPപദ്ധതി പ്രയോജനപ്പെടുത്തി യിട്ടുള്ളവരിൽ എ.എ.വൈ / മുൻഗണനാ വിഭാഗത്തിൽപെട്ട കാർഡുടമകൾ ഉണ്ടെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. ഇതിനു പുറമേ എഎ.വൈ, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകിയത് പ്രകാരം 11587 എ.എ.വൈ കാർഡുകളും, 74,626 പി.എച്ച്.എച്ച്. കാർഡുകളും 55974 എൻ.പി.എസ് കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്യുകയുണ്ടായി. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിനായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തുകയും വിവരം നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയ ശേഷം ഏകദേശം 6.67 ലക്ഷം മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| (സി) | മുൻഗണനാ റേഷൻ കാർഡ് മാറ്റി നൽകുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഇനി എത്ര പേർക്കുകൂടി ഇപ്രകാരം റേഷൻകാർഡ് മാറ്റി നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ആയതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാമോ? | (ഡി) | 31.07.2021 വരെ എ.എ.വൈ വിഭാഗത്തിലേയ്ക്ക് 12596 കാർഡുകളും, പി.എച്ച്.എച്ച് വിഭാഗത്തിലേയ്ക്ക് 119866 കാർഡുകളും മാറ്റിയിട്ടുണ്ട്. 01/08/2021 മുതൽ 20/09/2021 വരെ എ.എ.വൈ വിഭാഗത്തിലേയ്ക്ക് 4500 കാർഡുകളും, പി.എച്ച്.എച്ച് വിഭാഗത്തിലേയ്ക്ക് 33181 കാർഡുകളും മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മുൻഗണനാ വിഭാഗത്തിലെ ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| SL NO: | ജില്ലാ | സ്വമേധയാ സറണ്ടർ ചെയ്ത മുൻഗണനാ കാർഡുകളുടെ എണ്ണം | | പരിശോധനയിലൂടെ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയത് | | പരാതിയിലൂടെ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയത് | | ആകെ | | TOTAL (AAY+PHH) |
|---|---|---|---|---|---|---|---|---|---|---|
| | | AAY | PHH | AAY | PHH | AAY | PHH | AAY | PHH | AAY+PHH |
| 1 | തിരുവനന്തപുരം | 1172 | 4509 | 898 | 2651 | 123 | 556 | 2193 | 7716 | 9909 |
| 2 | കൊല്ലം | 693 | 4093 | 228 | 1260 | 52 | 147 | 973 | 5500 | 6473 |
| 3 | പത്തനംതിട്ട | 553 | 2396 | 194 | 692 | 21 | 33 | 768 | 3121 | 3889 |
| 4 | ആലപ്പുഴ | 843 | 3980 | 128 | 597 | 26 | 96 | 997 | 4673 | 5670 |
| 5 | കോട്ടയം | 760 | 3214 | 126 | 339 | 41 | 148 | 927 | 3701 | 4628 |
| 6 | എറണാകുളം | 857 | 5830 | 210 | 1140 | 55 | 239 | 1122 | 7209 | 8331 |
| 7 | ഇടുക്കി | 440 | 2331 | 183 | 638 | 13 | 31 | 636 | 3000 | 3636 |
| 8 | തൃശ്ശൂർ | 559 | 3736 | 122 | 854 | 23 | 143 | 704 | 4733 | 5437 |
| 9 | പാലക്കാട് | 614 | 7230 | 105 | 638 | 25 | 90 | 744 | 7958 | 8702 |
| 10 | വയനാട് | 436 | 1405 | 37 | 149 | 22 | 56 | 495 | 1610 | 2105 |
| 11 | മലപ്പുറം | 1283 | 12215 | 124 | 2034 | 16 | 102 | 1423 | 14351 | 15774 |
| 12 | കണ്ണൂർ | 525 | 3786 | 118 | 512 | 34 | 107 | 677 | 4405 | 5082 |
| 13 | കോഴിക്കോട് | 798 | 7296 | 114 | 598 | 22 | 139 | 934 | 8033 | 8967 |
| 14 | കാസർഗോഡ് | 181 | 1870 | 92 | 696 | 2 | 22 | 275 | 2588 | 2863 |
| | **ആകെ** | **9714** | **63891** | **2679** | **12798** | **475** | **1909** | **12868** | **78598** | **91466** |

**സെക്ഷൻ ഓഫീസർ**